# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ – രാജൻ എം വി**

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ശ്രീ. രാമചന്ദ്രൻ എൻ ബി (പെൻ 669130), മൂന്നാം തരം ഓവർസിയർക്ക് രണ്ടാം തരം ഓവർസിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. ഈ കാര്യാലയത്തിലെ 17-03-2011 ലെ - ഇ11-4100/2009/ സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 18-07-2019 ലെ ഇ5-6160/12/ സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 12-11-2019 ലെ ഇ5-6160/12/ സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
4. ശ്രീ. രാമചന്ദ്രൻ എൻ ബി മൂന്നാം തരം ഓവർസിയറുടെ 25-10-2019 ലെ അപേക്ഷ

## ഉത്തരവ് നം. ഇ5/6160/2012/സിഇ/തസ്വഭവ തീയതി 02.12.2019

ഈ വകുപ്പിലെ മൂന്നാംതരം ഓവർസിയർമാരുടെ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള മുൻഗണനാപ്പട്ടികയിൽ റാങ്ക് നമ്പർ 579(ജി) വരെ ഉള്ളവർക്ക് പരാമർശം (2) (3) ഉത്തരവുകൾ പ്രകാരം രണ്ടാംതരം ഓവർസിയർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. എന്നാൽ ടി മുൻഗണനാപ്പട്ടികയിലെ റാങ്ക് നമ്പർ 566(എ) ആയ മൂന്നാംതരം ഓവർസിയർ ശ്രീ. രാമചന്ദ്രൻ എൻ ബി എന്നവർക്ക് രണ്ടാംതരം ഓവർസിയറായി സ്ഥാനക്കയറ്റം നൽകിയിട്ടില്ലാത്തതാണ്. വിശദാംശങ്ങൾ പരിശോധിച്ചതിൽ പ്രകാരം ടിയാന് പ്രസ്തുത സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ശ്രീ. രാമചന്ദ്രൻ എൻ ബി (പെൻ 669130), മൂന്നാംതരം ഓവർസിയർക്ക് പരാമർശം (2) ഉത്തരവിലെ നിബന്ധനകളോടെ 18-07-2019 തീയതി പ്രാബല്യത്തിൽ രണ്ടാംതരം ഓവർസിയറായി സ്ഥാനക്കയറ്റം നൽകികൊണ്ടും ടിയാന്റെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമന നം. | പേര് | നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ. രാമചന്ദ്രൻ എൻ ബി<br>നെൻമേനി ഗ്രാമപഞ്ചായത്ത്<br>സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്<br>വയനാട് (പെൻ-669130) | ആയഞ്ചേരി ഗ്രാമപഞ്ചായത്ത്<br>തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്<br>കോഴിക്കോട് |

വ്യക്തിക്ക് (നിയന്ത്രണാധികാരി മുഖേന)

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ്:

1. വയനാട്/ കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്.
2. സുൽത്താൻ ബത്തേരി/ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്
3. കരുതൽ ഫയൽ